കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

**നവകേരളീയം കുടിശ്ശിക നിവാരണം**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

DFTVM/2128/2021-F3

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം.
തീയതി:25-01-2025
ഇ-മെയിൽ:fisheriesdirector@gmail.com

**സർക്കുലർ നമ്പർ 02/2025**

വിഷയം:- ഫിഷറീസ്- സഹകരണം - പ്രാഥമിക സഹകരണ സംഘങ്ങളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി - നവകേരളീയം കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി – സംഘടിപ്പിക്കുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 82/2013 നമ്പർ സർക്കുലർ
2. ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ 05/03/2024 ലെ 03/2024 നമ്പർ സർക്കുലർ

പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘങ്ങളിലെ കുടിശ്ശിക / നിഷ്ക്രിയ ആസ്തി വർദ്ധിച്ച് വരുന്ന സാഹചര്യം നിലനിൽക്കുന്നു. തൻമൂലം സംഘങ്ങളുടെ നഷ്ടം കൂടുന്നതിനും, ആയത് മത്സ്യ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തുന്നു.

ഈ സാഹചര്യത്തിൽ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളായി മാറ്റുന്നതിനും, വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ ഫിഷറീസ് സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66 (A), 74 (F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി "നവകേരളീയം – കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി " നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**"നവകേരളീയം – കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി"**

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങൾക്കും ഈ പദ്ധതി ബാധകമായിരിക്കും. കരുതൽ വയ്ക്കേണ്ടി വന്നതും പ്രാഥമിക സംഘങ്ങളുടെ നഷ്ടത്തിന്

ഇടയാക്കുന്നതുമായ കുടിശ്ശിക/ നിഷ്ക്രിയ ആസ്തിയായ കാലപ്പഴക്കമുള്ള വായ്പകൾ ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനും ഇതിലൂടെ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളുടെ കുടിശ്ശിക പരമാവധി കുറയ്ക്കുകയും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മാത്രമല്ല നല്ല രീതിയിൽ വായ്പ തിരിച്ചടവ് നടത്തുന്നവർക്ക് പലിശ ഇൻസെൻറീവും പദ്ധതി ലക്ഷ്യമിടുന്നു.

<u>പദ്ധതിയുടെ നടത്തിപ്പിനായി ചുവടെ പറയുന്ന മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.</u>

1. സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘം രജിസ്ട്രാറിന് കീഴിലുള്ള പ്രാഥമിക മത്സ്യസഹകരണ സംഘങ്ങൾക്കാണ് ഈ പദ്ധതി ബാധകമാവുക.

2. ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഗുരുതരമായ ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എച്ച്.ഐ.വി ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിത്സിച്ച് മാറ്റാൻ കഴിയാത്ത മാനസിക രോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ (കുടുംബം എന്നാൽ ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൽ മരണപ്പെട്ട ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയവരുടെ വായ്പകൾ ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പ ബാധ്യത തീർപ്പാക്കാവുന്നതാണ്. എന്നാൽ ടി ഇളവുകൾക്ക് പുറമേ പരമാവധി ചുവടെ പറയും പ്രകാരം പലിശയിൽ അധിക ഇളവ് അനുവദിക്കാവുന്നതാണ്.

| 50000 വരെ | 50000 മുകളിൽ 1ലക്ഷം വരെ | 1 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ | 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ | 10 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ | 25 ലക്ഷത്തിന് മുകളിൽ |
|---|---|---|---|---|---|
| 15% | 12% | 10% | 5% | 3% | 2% |

3. വായ്പക്കാരന്റെ നിലവിലെ സാമ്പത്തിക സാഹചര്യം, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയിലാകുകയും ടി ധാരണ പ്രകാരം വായ്പ തിരിച്ചടവിന് അവസരം നൽകേണ്ടതുമാണ്.

4. 100 % കരുതൽ വയ്ക്കേണ്ടി വന്നിട്ടുള്ള വായ്പകൾ ഈ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിന് പ്രത്യേകം മുൻഗണന നൽകേണ്ടതാണ്.

5. സർക്കുലർ മാർഗനിർദേശ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുമ്പോൾ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുക്കേണ്ടതാണ്.

6. ഈ പദ്ധതി പ്രകാരം സാധാരണ പലിശ നിരക്കിൽ ആണ് പലിശ കണക്കാക്കേണ്ടത്.

7. ഈ പദ്ധതി പ്രകാരം അവസാനിപ്പിക്കുന്ന എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണമായും ഒഴിവാക്കേണ്ടതാണ്.

8. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലില്ലാത്ത കാലയളവിൽ പരാമർശം (1) 82/2013 സർക്കുലർ പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതിന് കുടിശ്ശികയായ വായ്പാക്കാർക്ക് അർഹതയുണ്ടായിരിക്കും.

9 . ആർബിട്രേഷൻ/ എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ ഈടാക്കാവുന്നതാണ്. 2,00,000/- രൂപ വരെയുള്ള വായ്പകളിൽ ആർബിട്രേഷൻ / എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ/ പരസ്യ ചെലവുകൾ എന്നിവ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് സംഘം ഭരണസമിതിക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

10. സ്വർണ്ണ പണയ വായ്പ, നിക്ഷേപത്തിൻമേലുള്ള വായ്പ എന്നിവ ഒഴികെ മറ്റെല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

11. ഓവർ ഡ്രാഫ്റ്റ്, ക്യാഷ് ക്രെഡിറ്റ് വായ്പകൾ കുടിശ്ശികയായ തീയതി മുതൽ സാധാരണ വായ്പയായി കണക്കാക്കി പലിശ കണക്കാക്കേണ്ടതാണ്.

12. എം.എസ്.എസ് (MSS) പദ്ധതി കാലാവധി അവസാനിച്ചതിന് ശേഷം കുടിശ്ശിക ആകുന്ന തുക സാധാരണ വായ്പയായി പരിഗണിച്ച് പലിശയിൽ ഇളവ് നൽകാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഇളവ് അനുവദിക്കുമ്പോൾ ഒരു MSS പദ്ധതിയിൽ ഒരു അംഗത്തിന് ഒന്നിൽ കൂടുതൽ നമ്പറിൽ ഇളവ് അനുവദിക്കാൻ പാടുള്ളതല്ല.

<u>I) 50,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ</u>

<u>(എ)</u> അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകൾ സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബാക്കി നിൽപ്പ് മുതൽ തുക മാത്രം ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(ബി) 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കി നിൽപ്പ് മുതൽ തുകയും പലിശയുടെ 50 % ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(സി) 5 വർഷത്തിൽ താഴെ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50 % വരെ ഇളവ് നൽകാവുന്നതാണ്. ഇത് ഇപ്രകാരമായിരിക്കും.

1 വർഷം കുടിശ്ശികയായത് – പലിശയിൽ പരമാവധി 10 % വരെ ഇളവ്
2 വർഷം കുടിശ്ശികയായത് – പലിശയിൽ പരമാവധി 20 % വരെ ഇളവ്
3 വർഷം കുടിശ്ശികയായത് – പലിശയിൽ പരമാവധി 30 % വരെ ഇളവ്
4 വർഷം കുടിശ്ശികയായത് – പലിശയിൽ പരമാവധി 40 % വരെ ഇളവ്
5 വർഷം കുടിശ്ശികയായത് – പലിശയിൽ പരമാവധി 50 % വരെ ഇളവ്

(ഡി) 5 വർഷത്തിൽ താഴെ കുടിശ്ശികയായും 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകൾ പരമാവധി 30 % വരെ പലിശയിൽ ഇളവ് ചുവടെ പറയും പ്രകാരം നൽകാവുന്നതാണ്.

1 വർഷം കുടിശ്ശികയായത് – പലിശയിൽ പരമാവധി 10 % വരെ ഇളവ്
2 വർഷം കുടിശ്ശികയായത് – പലിശയിൽ പരമാവധി 20 % വരെ ഇളവ്

3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായത് – പലിശയിൽ പരമാവധി 30 %
വരെ ഇളവ്

**<u>II) 50,000/- രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ</u>**

(എ) 50,000/- രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപ വരെയുള്ള വായ്പകളിൻമേൽ കുടിശ്ശിക വായ്പ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതോണോ കുറവ് ആയത് പ്രകാരം പലിശ തുക ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(ബി) പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.

(സി) പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ പരമാവധി 25 % വരെ സംഘംതല കമ്മിറ്റിക്ക് ഇളവ് നൽകാവുന്നതാണ്.

(ഡി) ഇപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പ തുകയും നിശ്ചയിക്കുന്ന പലിശയും സംഘംതല/ ജില്ലാതല കമ്മിറ്റികൾ തീരുമാനിക്കുന്ന തീയതിക്കകം അടച്ച് തീർക്കേണ്ടതാണ്.

(ഇ) അതിദരിദ്ര സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവരുടെ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബാക്കി നിൽപ്പ് മുതൽ തുക മാത്രം ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

(എഫ്) അതിദരിദ്ര സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവരുടെ ഒരു ലക്ഷം മുതൽ 2 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബാക്കി നിൽപ്പ് മുതൽ തുകയും പലിശയുടെ 50 % ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

**<u>(III) 2 ലക്ഷം രൂപയ്ക്ക് മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ</u>**

2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള വായ്പകളിൻമേൽ കുടിശ്ശിക വായ്പ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുക ഈടാക്കിയും പിഴപ്പലിശ ഒഴിവാക്കിയും, ആർബിട്രേഷൻ / എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ ഈടാക്കിയും സംഘം ഭരണ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് ചുവടെ പറയും പ്രകാരം പലിശ ഇളവ് അനുവദിക്കാവുന്നതാണ്.

| ക്രമ നമ്പർ | കാലാവധി | പലിശ ഇളവ് |
|---|---|---|
| | | |

| | | |
|---|---|---|
| 1 | 1 വർഷം കുടിശ്ശികയായ വായ്പകൾക്ക് | പിഴപ്പലിശ ഒഴിവാക്കി, പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരം വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| 2 | 1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 10% വരെ ഇളവ് |
| 3 | 3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡിക (1) ൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 15% വരെ ഇളവ് |
| 4 | 5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡിക (1) ൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 20% വരെ ഇളവ് |
| 5 | 10 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡിക (1) ൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 25% വരെ ഇളവ് |

ഇപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പ തുകയും നിശ്ചയിക്കുന്ന പലിശയും സംഘംതല കമ്മിറ്റികൾ തീരുമാനിക്കുന്ന തീയതിയ്ക്കകം അടച്ച് തീർക്കേണ്ടതാണ്.

**<u>(IV) കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കുള്ള ഇളവുകൾ</u>**

(എ) വായ്പ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി കൃത്യമായി തവണ തുകകൾ അടച്ച് വരുന്ന വായ്പക്കാർക്ക് ടി വായ്പകളിൽ മുൻ സാമ്പത്തിക വർഷം അടച്ച പലിശയിൽ പരമാവധി 10% വരെ ഇളവുകൾ നൽകാവുന്നതാണ്.

(ബി) ഇത്തരത്തിൽ കണക്കാക്കുന്ന തുക ടി വായ്പയുടെ ബാക്കി നിൽക്കുന്ന തുകയിൽ വരവ് വയ്ക്കാവുന്നതും വായ്പ കണക്ക് അവസാനിപ്പിച്ച് കഴിഞ്ഞവർക്ക് രൊക്കം തുകയായി തിരികെ നൽകാവുന്നതുമാണ്.

(സി) നിലവിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് സംഘം തലത്തിൽ നിലവിൽ ഇളവുകൾ നൽകിയിട്ടുള്ള പക്ഷം ആയത് കണക്കിലെടുത്തു കൊണ്ട് മാത്രമേ ഇളവ് അനുവദിക്കാവൂ.

(ഡി) ഇപ്രകാരമുള്ള ഇളവ് സംഘം ഭരണസമിതിക്ക് അനുവദിക്കാവുന്നതാണ്.

**<u>(V) മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവരുടെ വായ്പകൾ</u>**

സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിൻമേൽ പലിശ ഭാഗികമായോ / പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ / പൂർണമായോ സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് 50,000/- രൂപ വരെ ഇളവ് അനുവദിക്കാവുന്നതാണ്.

ഇപ്രകാരം ഇത്തരം വായ്പകളുടെ ബാധ്യത അവസാനിപ്പിക്കാവുന്നതും ഇളവ് അനുവദിച്ചവരുടെ പട്ടിക, ഇളവ് അനുവദിച്ച തുക എന്നിവ സഹിതം അടുത്ത പൊതുയോഗത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.

## VI. <u>ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ</u>

(എ) എല്ലാ ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകളും (വായ്പാ തുകയുടെ പരിധി ബാധകമാക്കാതെ) നിർബന്ധമായും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ബി) കക്ഷികൾക്ക് ആർബിട്രേഷൻ/ സെയിൽ ഓഫീസർമാർ അതാത് സംഘങ്ങളുടെ അദാലത്ത് ദിവസം സംഘത്തിൽ ഹാജരാകുവാൻ നോട്ടീസ് നൽകേണ്ടതും അദാലത്തിൽ തീരുമാനമാകുന്ന തുക അടയ്ക്കുന്നതിന് പരമാവധി 15 ദിവസം സമയപരിധി നിശ്ചയിച്ച് ഉത്തരവ് നൽകേണ്ടതുമാണ്.

(സി) മേൽപ്പറഞ്ഞ പ്രകാരം തുക അടയ്ക്കുന്ന മുറയ്ക്ക് ഫയലിൽ നടപടികൾ അവസാനിപ്പിക്കേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഡി) കൂടുതൽ കാലപ്പഴക്കമുള്ള ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതും പരമാവധി തീർപ്പാക്കേണ്ടതുമാണ്.

(ഇ) ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് സെയിൽ ഓഫീസറുടെ ചുമതലയാണ്. ഏതെങ്കിലും കാരണവശാൽ ഫയലുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പിന്നീട് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്ന കേസുകളെ സംബന്ധിച്ച വിവരം സംഘം ആസ്ഥാനത്തും, ശാഖകളിലുമുള്ള നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതും, സംഘത്തിന്റെ വെബ് സൈറ്റ് ഉണ്ടെങ്കിൽ ആയതിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

( ജി) ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിലേക്കായി രണ്ടാഴ്ചയിൽ ഒരിക്കൽ അദാലത്തുകൾ ബന്ധപ്പെട്ട

ഉദ്യോഗസ്ഥർ നടത്തേണ്ടതാണ്.

<u>നിബന്ധനകൾ - പൊതു നിർദ്ദേശങ്ങൾ</u>

1. കുടിശ്ശികയായിരുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചു തീർക്കുന്ന വായ്പക്കാർക്ക് 5 വർഷ കാലയളവിലേക്ക് OTS പദ്ധതി അനുവദിക്കുന്നതല്ല. കൂടാതെ വായ്പ ഇളവ് ലഭിച്ച വ്യക്തിക്കോ, കുടുംബങ്ങൾക്കോ പുതിയ വായ്പ അനുവദിക്കുന്നത് 2 വർഷത്തിന് ശേഷം മാത്രമായിരിക്കും.

2. ഈ പദ്ധതി പ്രകാരം പലിശ ഇളവ് ലഭിക്കുന്നതിനും ബന്ധപ്പെട്ട അധികാരികളുടെ / സ്ഥാപനങ്ങളുടെ സാക്ഷ്യപത്രങ്ങൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട കേസുകളിൽ മരണ സർട്ടിഫിക്കറ്റും മുകളിൽ പട്ടികയിൽ ഉൾപ്പെട്ട മാരകരോഗങ്ങൾ ബാധിച്ച കേസുകളിൽ അംഗീകൃത ആശുപത്രികളിൽ നിന്നും നൽകുന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

3. ബന്ധപ്പെട്ട കമ്മിറ്റികൾ നിശ്ചയിച്ച തീയതിക്ക് മുമ്പായി വായ്പാ കണക്ക് പൂർണമായി അവസാനിപ്പിക്കുന്നവർക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്.

4. മുമ്പ് വായ്പയിൽ അടച്ച മുതലോ പലിശയോ യാതൊരു കാരണവശാലും കണക്കിൽ എടുക്കേണ്ടതോ, പുനപരിശേധിക്കേണ്ടതോ ഇല്ല. ബാക്കി നിൽക്കുന്ന മുതലിൽ ആണ് പലിശ കണക്കാക്കേണ്ടത്.

5. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ സംഘം പ്രസിഡന്റ്, സെക്രട്ടറി ഭരണസമിതി അംഗങ്ങൾ എന്നിവരും അസിസ്റ്റന്റ് രജിസ്ട്രാർ / യൂണിറ്റ് ഇൻസ്പെക്ടർ, മത്സ്യഫെഡ് ജില്ലാ മാനേജർ / പ്രോജക്ട് ഓഫീസർ തുടങ്ങിയ വകുപ്പ്തല ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കേണ്ടതും, വായ്പക്കാരുടെ സ്ഥിതി ബോധ്യപ്പെട്ടും വായ്പയുടെ തരംതിരിവ്, കാലാവധി, വായ്പയ്ക്ക് ആഡിറ്റിൽ വെച്ചിട്ടുള്ള കരുതൽ എന്നിവ കണക്കിലെടുത്തും, ഇളവ് അനുവദിക്കുന്നതിനുള്ള വ്യക്തമായ കാരണം രേഖപ്പെടുത്തി വായ്പയിൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്.

6. മുൻകാലങ്ങളിൽ ഇത്തരം പദ്ധതികളിൽപെടുത്തി ആയതുവരെയുള്ള കുടിശ്ശിക മുതലും പലിശയും ഇളവുകളോട് കൂടി അടച്ചു തീർക്കുകയും ആയതിനുശേഷം വീണ്ടും ക്രമമായി അടയ്ക്കാതിരിക്കുകയും ചെയ്യുന്ന വായ്പക്കാർക്കും, തുടർച്ചയായി അദാലത്തിൽ ഹാജരാകുകയും അദാലത്ത് തീരുമാനമനുസരിച്ച് പ്രവർത്തിക്കാതെ വരികയും ചെയ്യുന്ന വായ്പക്കാർക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

7. ഈ പദ്ധതിയുടെ ഭാഗമായി അദാലത്ത് സംഘടിപ്പിക്കേണ്ടതും ആയതിന്റെ വിവരവും വായ്പാ

ബാധ്യതയും , അദാലത്ത് നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച് എല്ലാ കുടിശ്ശികക്കാർക്കും നേരിട്ടോ തപാൽ മുഖേനയോ അറിയിപ്പ് നൽകേണ്ടതുമാണ്.

8. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയെ സംബന്ധിച്ച് പ്രാദേശികമായി വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ആകർഷകമായ പോസ്റ്ററുകൾ അച്ചടിപ്പിക്കാവുന്നതും, ബാനറുകൾ, പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതും, ഉച്ചഭാഷിണി, പ്രാദേശിക കേബിൾ ടിവി, മാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവ മുഖേന ചെലവ് കുറഞ്ഞ പരസ്യങ്ങൾ ചെയ്യാവുന്നതുമാണ്.

9. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി സഹകരണ സംഘം തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, മത്സ്യഫെഡ് പ്രോജക്ട് ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തേണ്ടതാണ്.

10. അസിസ്റ്റന്റ് രജിസ്ട്രാർ, മത്സ്യഫെഡ് ജില്ലാ മാനേജർ, യൂണിറ്റ് ഇൻസ്പെക്ടർമാർ, പ്രോജക്ട് ഓഫീസർമാർ, സംഘം സെക്രട്ടറിമാർ എന്നിവരുടെ യോഗം കൂടി, ഓരോ സംഘത്തിന്റെയും കുടിശ്ശിക നിലവാരം വിലയിരുത്തുകയും സംഘം തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നത് ഉൾപ്പെടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കേണ്ടതും ആയതുപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും അദാലത്തിലേക്ക് വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കേണ്ടതുമാണ്.

11. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംഘടിപ്പിക്കുന്നതിന് ഓരോ സംഘവും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ/സെക്രട്ടറിയെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതും, ടിയാനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ കുടിശ്ശികക്കാർക്കുള്ള നോട്ടീസിൽ കാണിക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ ജോലികളും, വായ്പക്കാർക്ക് നോട്ടീസ് അയക്കുന്നത് ഉൾപ്പെടെ നോഡൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതും, നോഡൽ ഓഫീസറുടെ ജോലി ബന്ധപ്പെട്ട ഭരണസമിതി വിലയിരുത്തേണ്ടതുമാണ്. അർഹനായ ഒരു വ്യക്തിക്കോ / കുടുംബത്തിനോ അവസരം നഷ്ടമാകില്ല എന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ജാഗ്രത പുലർത്തേണ്ടതുമാണ്.

12. ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് ആയിരിക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംഘംതല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കാലാവധി അവസാനിച്ച് കഴിഞ്ഞതിനുശേഷം, ഓരോ സംഘത്തിന്റെയും പ്രവർത്തനം സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ / യൂണിറ്റ് ഇൻസ്പെക്ടർമാർ സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതും, സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട

നോഡൽ ഓഫീസർക്കും, യൂണിറ്റ് ഇൻസ്പെക്ടർമാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർക്കും എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

13. ഓരോ സഹകരണ സംഘവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നൽകുന്ന ഇളവുകൾ അനുബന്ധം (എ) യിലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ അവലോകനം നടത്തുന്നതിനും മറ്റ് ഇത് സഹായകരമാകുന്നതാണ്. 1പദ്ധതിയുടെ നോഡൽ ഓഫീസർമാർ ഈ മാതൃകാ ഫാറത്തിന്റെ ഒരു പ്രതി സംഘത്തിൽ സൂക്ഷിക്കേണ്ടതും പകർപ്പ് യൂണിറ്റ് ഇൻസ്പെക്ടർമാർ അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്.

<u>സംഘം തല കമ്മിറ്റി</u>

| | | |
|---|---|---|
| 1 | അതാത് സംഘം പ്രസിഡന്റ് | ചെയർമാൻ |
| 2 | എല്ലാ ഭരണസമിതി അംഗങ്ങളും | അംഗങ്ങൾ |
| 3 | യൂണിറ്റ് ഇൻസ്പെക്ടർ | അംഗം |
| 4 | പ്രോജക്ട് ഓഫീസർ | അംഗം |
| 5 | പഞ്ചായത്ത് പ്രസിഡന്റ് /വാർഡ് മെമ്പർ | കൺവീനർ |

14. ജില്ലാതല പ്രവർത്തനം ഫലവത്തായി ഏകോപിപ്പിച്ച് നടത്തുന്നതിനുള്ള ചുമതല ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് ആയിരിക്കും.

15. സംസ്ഥാനതലത്തിൽ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫിഷറീസ് സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ സംസ്ഥാനതല നോഡൽ ഓഫീസർ ആയിരിക്കും.

NB: നവ കേരളീയം കുടിശ്ശിക നിവാരണം -ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഈ സർക്കുലർ തിയതി മുതൽ 2025 ഫെബ്രുവരി 28 വരെ ആയിരിക്കും

Signed by
Abdul Nasar B
Date: 25-01-2025 15:48:31

ABDUL NASAR.B IAS
DIRECTOR OF FISHERIES

ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ/
ഫിഷറീസ് ഡയറക്ടർ

**<u>പകർപ്പ്</u>**

1. ദക്ഷിണ/മധ്യ/ഉത്തര മേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ
2. മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
3. ഫിഷറീസ് ഡെപ്യൂട്ടി രജിസ്ട്രാർ
4. എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും
5. എല്ലാ പ്രാഥമിക മത്സ്യസഹകരണ സംഘങ്ങൾക്കും (യൂണിറ്റ് ഇൻസ്പെക്ടർമാർ മുഖേന)
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ/ സ്പെയർ

**അനുബന്ധം - എ**

**ഫിഷറീസ് സഹകരണ സംഘം ക്ലിപ്തം നം.....**

**കുടിശ്ശിക നിവാരണ പദ്ധതി**

**നവകേരളീയം കുടിശ്ശിക നിവാരണം**

| | | |
|---|---|---|
| 1 | വായ്പക്കാരന്റെ പേര് | : |
| 2 | വായ്പ നമ്പർ | : |
| 3 | വായ്പ തീയതി | : |
| 4 | വായ്പ തുക | : |
| 5 | വായ്പയെടുത്ത തീയതി മുതൽ നാളിതുവരെ അടച്ച തുക | |
| | മുതൽ | : |
| | പലിശ | : |
| | പിഴപ്പലിശ | : |
| | മറ്റിനം | : |
| | ആകെ | : |
| 6 | കുടിശ്ശിക | |
| | മുതൽ | : |
| | പലിശ (.... % നിരക്കിൽ) | : |
| | പിഴപ്പലിശ | : |

| | | |
|---|---|---|
| | മറ്റിനം | : |
| | ആകെ | : |
| 7 | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കേണ്ട തുക | : |
| | മുതൽ | : |
| | പലിശ | : |
| | എ.ആർ.സി | : |
| | എക്സിക്യൂഷൻ ഫീസ് | : |
| | കോടതി ചെലവുകൾ | : |
| | പരസ്യ ചെലവുകൾ | : |
| | ആകെ | : |
| 8 | ഇളവനുവദിച്ചത് | : |
| | മുതൽ | : |
| | പലിശ | : |
| | പിഴപ്പലിശ | : |
| | നോട്ടീസ് ചാർജ്ജ് | : |
| | കേസ് ചിലവ് | : |
| | മറ്റിനം | : |
| | ആകെ | : |
| 9 | അടച്ച തുക | : |
| | മുതൽ | : |
| | പലിശ | : |
| | മറ്റിനം | : |
| | ആകെ | : |

സ്ഥലം

തീയതി സെക്രട്ടറി